പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7834 15.07.2014 ൽ മറുപടിക്ക്

# ശബരിമല റോഡുകളിലെ സിഗ്നൽ ലൈറ്റുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ശബരിമലയിലെ റോഡുകളിൽ ഭക്തരുടെ സുരക്ഷയ്ക്കായി സൗരോർജ്ജംകൊണ്ട് പ്രവർത്തിക്കുന്ന സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും ഇത്തരത്തിലുള്ള എത്ര സിഗ്നൽ ലൈറ്റുകളാണ് ശബരിമല പാതയോരങ്ങളിൽ സ്ഥാപിച്ചതെന്നും അറിയിക്കുമോ; | (എ) | 2011- ൽ ശബരിമല തീർത്ഥാടന വേളയിൽ പത്തനംതിട്ട-പമ്പാ റൂട്ടിൽ 28 സ്ഥലങ്ങളിലായി 58 ഓളം സൗരോർജ്ജ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചത് കെൽട്രോൺ ആണ്. കൂടാതെ ശബരിമലയിൽ 129 സിഗ്നൽ ലൈറ്റുകൾ (വാണിംഗ് ബ്ലിംങ്കേഴ്സ്) സ്ഥാപിക്കുന്നതിലേക്കായി 2012 ൽ റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് വകുപ്പിന് 2 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ ആകെ എത്ര രൂപയാണ് ചെലവായത്; ഏതു കമ്പനിക്കായിരുന്നു സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ കരാർ നൽകിയത്; | (ബി) | 2011- ൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിലേക്കായി കരാർ പ്രകാരം റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിൽ നിന്നും 21,13,425/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.<br>കൂടാതെ ശബരിമലയിൽ 129 സിഗ്നൽ ലൈറ്റുകൾ (വാണിംഗ് ബ്ലിംങ്കേഴ്സ്) സ്ഥാപിക്കുന്നതിലേക്കായി 2012 ൽ റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് വകുപ്പിന് 2 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനുള്ള കരാറിൽനിന്നും കെൽട്രോണിനെ ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുമോ; | (സി) | 2011- ൽ തീർഥാടന വേളയിൽ സൗരോർജ്ജ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനുള്ള കരാറിൽ നിന്നും കെൽട്രോണിനെ ഒഴിവാക്കിയിട്ടില്ല. പോലീസ് വകുപ്പ് മുഖേന സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നതേയുള്ളൂ. ആയതിനാൽ കരാറിൽ ഏർപ്പെട്ടിട്ടില്ല. |
| (ഡി) | സിഗ്നൽ ലൈറ്റിന്റെ ഘടകങ്ങൾ ഗുണനിലവാരമുള്ളവയാണെന്ന് സർട്ടിഫൈ ചെയ്തവയാണോ; | (ഡി) | അതേ |
| (ഇ) | എങ്കിൽ ഈ ലൈറ്റുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്നുള്ള പരാതിയിന്മേൽ എന്തെല്ലാം അന്വേഷണ നടപടികളാണ് സ്വീകരിച്ചതെന്നും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ഇ) | പരാതികളൊന്നും കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ